**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.നിഷാ ജെ കുമാറിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.**3007/2016**/തസ്വഭവ. തീയതി, തിരുവനന്തപുരം,**03/11/2016**

---

പരാമർശം: 1. ശ്രീമതി.നിഷാ ജെ കുമാറിന്റെ 16.02.2015 ലെ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 26.05.2016 ലെ ഇ 5-15624/16 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.നിഷാ ജെ കുമാർ ടിയാളുടെ മകന്റെ ചികിത്സയ്ക്കായി 18.02.2015 മുതൽ രണ്ടു വർഷത്തേക്ക് ശൂന്യവേതനാവധിയായി പരാമർശം 1 പ്രകാരം സമർപ്പിച്ച അവധി അപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.നിഷാ ജെ കുമാർ 07.04.2005 ൽ സേവനത്തിൽ പ്രവേശിച്ചു. NISH എന്ന സ്ഥാപനത്തിൽ സംസാര ശേഷി വീണ്ടെടുക്കാനായി മകനെ സഹായിക്കുന്നതിനാണ് ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.നിഷാ ജെ കുമാറിന് 18.02.2015 മുതൽ രണ്ടു വർഷത്തേക്ക് 17.02.2015 പ്രിഫിക്സ് ചെയ്ത(ശിവരാത്രി), ടി കാലയളവ്

(മറുപുറം...)

ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ (രണ്ടു വർഷകാലയളവിലുള്ള അവധി ആയതിനാൽ വിദേശത്ത് പോകുകയോ മറ്റു ജോലിയിൽ ഏർപ്പെട്ടുകയോ ചെയ്യരുത് എന്ന നിബന്ധനയോടെ) ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല സി.എസ്**
**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവന പുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി.നിഷാ ജെ കുമാർ ,സീനിയർ ക്ലാർക്ക്,പൂതക്കുളം ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ് ( 22.09.2016 ലെ 271/Dev 1/2016/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ നമ്പർ ഇപിഎ 1/107/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ